ഉത്തരം

(എ & ബി) നിലവിൽ ലിസ്റ്റില്ലെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. എന്നാൽ പി.എസ്.സിയുടെ അനുവാദത്തോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്ന കാര്യം പരിഗണിക്കുന്നുണ്ട്.

ടി. എൻ. തങ്കമ്മയ്ക്ക് ഇൻവാലിഡ് പെൻഷൻ

101 (649) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരിയായിരുന്ന വാടയ്ക്കലിൽ മുളയ്ക്കൽ ദേവി വിലാസത്തിൽ ടി.എൻ. തങ്കമ്മ ഇൻവാലിഡ് പെൻഷന് 1-1-98-ന് നൽകിയ അപേക്ഷയിൻമേൽ തീരുമാനമായിട്ടുണ്ടോ ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ ;

(ബി) ശ്രീമതി തങ്കമ്മയ്ക്ക് ഇൻവാലിഡ് പെൻഷന് അർഹതയില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണമെന്തെന്നും വിശദമാക്കാമോ ;

(സി) ഇൻവാലിഡ് പെൻഷന് അർഹതയുള്ളതിനാൽ ആവശ്യമായ രേഖകൾ അയച്ചു കൊടുക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ 25-2-2000-ൽ ആവശ്യപ്പെട്ടതു പ്രകാരമുള്ള രേഖകൾ അയച്ചു കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് അയച്ചു കൊടുത്തതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ആലപ്പുഴ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 25-5-2000-ൽ എ.ഇ.ഒ.യ്ക്ക് ഇതു സംബന്ധിച്ച് നൽകിയ നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ ;

(ഇ) ശ്രീമതി.തങ്കമ്മ അപകടത്തിൽപ്പെട്ട് ഇനി ജോലി നോക്കാൻ ആവാത്ത അവസ്ഥയിലാണെന്നത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ ;

(എഫ്) ശ്രീമതി. തങ്കമ്മയ്ക്ക് പെൻഷൻ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് എന്നത്തേക്ക് നൽകുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-എഫ്) തങ്കമ്മയ്ക്ക് കെ.എസ്.ആർ.ലെ പാർട്ട് III 43, 44,45 എന്നീ റൂളുകൾക്കു വിധേയമായി ഇൻവാലിഡ് പെൻഷൻ അനുവദിക്കുവാൻ തീരുമാനം ആയിട്ടുണ്ട്. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

യു. പി. സ്കൂൾ അദ്ധ്യാപകർക്ക് എച്ച്.എസ്.എ തസ്തികയിലേക്ക് പ്രൊമോഷൻ

102 (650) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ യു.പി.സ്കൂൾ അദ്ധ്യാപകർക്ക് എച്ച്.എസ്.എ മലയാളം തസ്തികയിലേക്ക് പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്ക് ;

(ബി) ഇവരെ പ്രൊമോട്ട് ചെയ്തപ്പോൾ എച്ച്.എസ്.എ മലയാളം തസ്തികയിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമ്പോൾ ഇവരെ റിവർട്ട് ചെയ്യുമെന്ന് വ്യവസ്ഥ ചെയ്തിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇങ്ങനെ വ്യവസ്ഥ ചെയ്തിരുന്നുവെങ്കിൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷം ഇവരെ റിവർട്ട് ചെയ്തോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) മലയാളം ഒഴികെയുള്ള ഏതെങ്കിലും എച്ച്.എസ്.എ തസ്തികയിലേക്ക് ഇങ്ങനെ പ്രൊമോട്ട് ചെയ്തവരെ റിവർട്ട് ചെയ്തിട്ടുണ്ടോ ;

(ഇ) മലയാളം എച്ച്.എസ്.എ. തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്ത് യു.പി.എസ്.എ.മാർ സർവ്വീസിൽ തുടരുന്നതു മൂലം മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ മലയാളം റാങ്ക് ഹോൾഡേഴ്സ് അനുഭവിക്കുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 101 യു.പി. സ്കൂൾ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ട്.

(ബി) വ്യവസ്ഥ ചെയ്തിരുന്നു.

(സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ & എഫ്) ഈ കാര്യം പരിശോധനയിലാണ്.

മലപ്പുറം ജില്ലയിൽ ഹിന്ദി എച്ച്.എസ്.എ. നിയമനം

103 (651) ശ്രീ. ബി.വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ഹിന്ദി എച്ച്.എസ്.എ. ഒഴിവ് നിലവിലുണ്ടോ ;

(ബി) മലപ്പുറം ജില്ലയിൽ ഹിന്ദി എച്ച്.എസ്.എ ഒഴിവിലേക്ക് ഇപ്പോൾ നിയമന നിരോധനം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) നിയമന നിരോധനം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്ന് ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

താനൂർ കെ.പി.എൻ.എം.യു.പി. സ്കൂൾ മാനേജ്മെന്റ് പ്രശ്നം

104 (652) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly